പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നംപർ. **4344** | 28.6.2012-ൽ മറുപടി നൽകേണ്ടിയിരുന്നത്

## നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമലംഘനം

ചോദ്യം — ശ്രീ.ബാബു എം.പാലിശ്ശേരി :

ഉത്തരം — ശ്രീ.അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പു മന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| (എ) നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വ്യവസ്ഥകൾ ലംഘിച്ച് സംസ്ഥാനത്ത് പല സ്ഥലങ്ങളിലും വ്യാപകമായ തോതിൽ നിലം നികത്തിയെടുക്കുന്നത് റവന്യൂ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ; | (എ) പല സ്ഥലങ്ങളിലും നിലം നികത്തി വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ശ്രദ്ധയിൽപ്പെട്ട കേസുകളിൽ നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) ഇതു സംബന്ധിച്ച് എത്ര കേസ്സുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ ? | (ബി) നിലം നികത്തൽ സംബന്ധിച്ച കേസ്സുകൾ<br><br>1. **തിരുവനന്തപുരം**.<br>നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം നിലവിൽ വന്നശേഷം വ്യവസ്ഥകൾ ലംഘിച്ച് നിലംനികത്തിയ 486 കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതിൽ എല്ലാ കേസ്സുകളിലും സ്റ്റോപ്പ് മെമ്മോ നൽകി അനധികൃത പ്രവൃത്തികൾ നിറുത്തി വെയ്പിച്ചിട്ടുള്ളതും 37 കേസ്സുകളിൽ നിലം പൂർവ്വ സ്ഥിതിയിലാക്കുവാൻ ഉത്തരവ് നല്കിയിട്ടുള്ളതുമാണ്. അനധികൃത തരംമാറ്റ പ്രവൃത്തികളിൽ ഏർപ്പെട്ടിരുന്ന വാഹനങ്ങൾ പിടിച്ചെടുത്തതിനെതിരെ 4 വാഹനമുടമകൾ കോടതിയെ സമീപിച്ചിട്ടുണ്ട്.<br><br>2. **കൊല്ലം:**<br>നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം നിലവിൽ വന്നശേഷം ആകെ 382 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. നിയമത്തിലെ വകുപ്പ് 13 പ്രകാരം 5 കേസ്സുകളിൽ നിലം പൂർവ്വസ്ഥിതിയിലാക്കുവാൻ ഉത്തരവ് നൽകിയിട്ടുണ്ട്.<br><br>3. **പത്തനംതിട്ട**<br>നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം നിലവിൽ വന്നശേഷം ആകെ 240 കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അനധികൃത പരിവർത്തനത്തിനുപയോഗിച്ച 5 വാഹനങ്ങൾ കസ്റ്റഡിയിലെടുത്ത് സർക്കാരിലേയ്ക്ക് കണ്ടു കെട്ടി ഉത്തരവായിട്ടുണ്ട്. 9 കേസുകളിൽ നിലം പൂർവ്വസ്ഥിതിയിലാക്കാൻ ഉത്തരവ് നൽകിയിട്ടുണ്ട്. ബാക്കി കേസ്സുകളിൽ നടപടികൾ തുടർന്നു വരുന്നു. |

4. **ആലപ്പുഴ**

823 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 11 കേസ്സുകളിൽ നിലം പൂർവ്വ സ്ഥിതിയിലാക്കുവാൻ ഉത്തരവ് നൽകിയിട്ടുണ്ട്. അതിൽ ഒരു കേസ്സിൽ നിലം പൂർവ്വ സ്ഥിതിയിലാക്കിയിട്ടുണ്ട്. 12 വാഹനങ്ങൾ പിടിച്ചെടുത്തിട്ടുണ്ട്.

5. **എറണാകുളം**

2011-12-ൽ 321 കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 6 കേസ്സുകളിൽ നിലം പൂർവ്വ സ്ഥിതിയിലാക്കുവാൻ ഉത്തരവ് നൽകിയിട്ടുണ്ട്. ഒരു കേസ്സിലും നടപടി പൂർത്തിയായിട്ടില്ല. അനധികൃത തരംമാറ്റത്തിൽ ഏർപ്പെട്ടിരുന്ന 76 വാഹനങ്ങൾ പിടിച്ചെടുത്ത് നടപടി സ്വീകരിച്ചു വരുന്നു.

6. **കോട്ടയം**

ഇതേ വരെ 549 കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 23 കേസ്സുകളിൽ നിലം പൂർവ്വ സ്ഥിതിയിലാക്കുവാൻ നടപടി സ്വീകരിച്ചു വരുന്നു. 22 കേസ്സുകളിൽ വാഹനങ്ങൾ പിടിച്ചെടുത്തു. അവയിൽ 7 കേസ്സുകളിൽ വാഹനങ്ങൾ കണ്ടു കെട്ടി.

7. **ഇടുക്കി**

ഇതേ വരെ 120 കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടി കേസ്സുകൾ എല്ലാം തന്നെ സ്റ്റോപ്പ് മെമ്മോ നൽകി നിർത്തി വെയ്പിച്ചിട്ടുള്ളതാണ്. ഒരു കേസ്സിലും നിലം പൂർവ്വ സ്ഥിതിയിലാക്കുവാൻ ഉത്തരവ് നൽകിയിട്ടില്ല.

8. **തൃശ്ശൂർ**

ഇതേ വരെ ആകെ 134 കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിയമത്തിലെ വകുപ്പ് 13 പ്രകാരം 86 കേസ്സുകളിൽ നിലം പൂർവ്വ സ്ഥിതിയിലാക്കുവാൻ ഉത്തരവ് നൽകുകയും 48 കേസ്സുകളിൽ പൂർവ്വ സ്ഥിതിയിലാക്കുകയും ചെയ്തിട്ടുണ്ട്. അനധികൃത പരിവർത്തനത്തിൽ ഏർപ്പെട്ട 9 വാഹനങ്ങൾ പിടിച്ചെടുത്തിട്ടുണ്ട്.

9. **പാലക്കാട്**

ആകെ 522 കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എല്ലാ കേസ്സുകളിലും സ്റ്റോപ്പ് മെമ്മോ നൽകി അനധികൃത പ്രവർത്തനങ്ങൾ നിർത്തി വെയ്പിച്ചിട്ടുണ്ട്. 5 കേസ്സുകളിൽ നിലം പൂർവ്വ സ്ഥിതിയിലാക്കുവാൻ ഉത്തരവ് നൽകിയിട്ടുണ്ട്. അനധികൃത പ്രവർത്തനത്തിൽ ഏർപ്പെടുന്ന വാഹനങ്ങൾ MMDR Act & KMMC Rules പ്രകാരം പിഴ ചുമത്തി നടപടികൾ സ്വീകരിച്ചു വരുന്നു. നിയമത്തിന്റെ വകുപ്പ് 13 പ്രകാരം പൂർവ്വസ്ഥിതിയിലാക്കുവാൻ ഉത്തരവായ കേസ്സുകളിൽ ടി

സ്ഥലങ്ങൾ നെൽകൃഷിക്ക് ഉപയുക്തമാക്കുന്നതിന് പുറമേ ജില്ലാ കളക്ടറുടെ മുൻകൂർ അനുമതിയോടെ മാത്രമേ ടി വസ്തു വകകൾ പോക്കുവരവ് ചെയ്യാവു എന്നും ടി സ്ഥലത്ത് യാതൊരു വിധത്തിലുമുള്ള നിർമ്മാണാനുമതികളും നൽകാൻ പാടില്ലാ എന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

10. **<u>മലപ്പുറം</u>**

ഇതുവരെ 116 കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതിൽ 3 കേസ്സുകളിൽ നിലം പൂർവ്വ സ്ഥിതിയിലാക്കുവാൻ ഉത്തരവ് നൽകുകയും ചെയ്തിട്ടുണ്ട്.

11. **<u>കോഴിക്കോട്</u>**

ജില്ലയിൽ ഇതുവരെ 146 കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അവയിൽ 17 കേസ്സുകളിൽ നിലം പൂർവ്വ സ്ഥിതിയിലാക്കുവാൻ ഉത്തരവ് നൽകിയിട്ടുണ്ട്. ബാക്കി കേസ്സുകളിൽ കക്ഷികളെ വിചാരണ നടത്തുവാൻ നോട്ടീസ് നൽകിയിട്ടുണ്ട്. 22 വാഹനങ്ങൾ പിടിച്ചെടുത്തിട്ടുണ്ട്.

12. **<u>വയനാട്</u>**

2011 മേയ് മുതൽ 2012 മേയ് വരെ 43 കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അവയിൽ 15 കേസ്സുകളിൽ നിലം പൂർവ്വ സ്ഥിതിയിലാക്കുവാൻ ഉത്തരവ് നൽകിയിട്ടുണ്ട്. 2 കേസ്സുകളിൽ വാഹനം പിടിച്ചെടുത്തിട്ടുണ്ട്. ബാക്കി കേസ്സുകളിൽ നടപടി സ്വീകരിച്ചു വരുന്നു.

13. **<u>കണ്ണൂർ</u>**

2011-2012-ൽ 44 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 5 വാഹനങ്ങൾ പിടിച്ചെടുത്തിട്ടുണ്ട്. നിയമലംഘനത്തിനെതിരെ ബാക്കി കേസ്സുകളിൽ നടപടി സ്വീകരിച്ചു വരുന്നു. ഒരു കേസ്സിനും നിലം പൂർവ്വ സ്ഥിതിയിലാക്കുവാൻ ഉത്തരവ് നൽകിയിട്ടില്ല.

14. **<u>കാസർഗോഡ്</u>**

2011 മേയ് മുതൽ 2012 മേയ് വരെ 70 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. നിയമത്തിലെ വകുപ്പ് 13 പ്രകാരം 7 കേസ്സുകളിൽ നടപടി സ്വീകരിച്ചു വരുന്നു.

Rajeev

**സെക്ഷൻ ഓഫീസർ**